**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2176** **11-10-2021 - ൽ മറുപടിയ്ക്ക്**

**റേഷൻ കാർഡ് അനുവദിക്കുവാനുള്ള മാനദണ്ഡങ്ങളിൽ ഇളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. എൻ.കെ. അക്ബർ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളേയും ദേശീയ ഭക്ഷ്യ ഭദ്രത നിയമത്തിൻകീഴിൽ കൊണ്ടുവരുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (എ) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013, പ്രകാരം സംസ്ഥാനത്ത് ഗ്രാമപ്രദേശങ്ങളിൽ 52.63 ശതമാനവും നഗരപ്രദേശങ്ങളിൽ 39.5 ശതമാനവും ജനങ്ങളെയാണ് മുൻഗണനാ വിഭാഗങ്ങളിൽ ഉൾപ്പെടുത്തേണ്ടതായുള്ളത്. അതനുസരിച്ച് സംസ്ഥാനത്തിന്റെ മുൻഗണനാ പരിധി 15480040 അംഗങ്ങളാണ്. ഇപ്രകാരം അംഗങ്ങളുടെ പരിധി നിശ്ചയിച്ചതിനാൽ അർഹരായ എല്ലാ കുടുംബങ്ങളേയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഇത് പരിഹരിക്കുന്നതിനായി സംസ്ഥാനത്തിന്റെ മുൻഗണനാ പരിധി വർദ്ധിപ്പിച്ചു നൽകുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നെങ്കിലും അനുകൂല നടപടി ഉണ്ടാകാത്തതിനാൽ വീണ്ടും കത്തു നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ അനർഹരായവരെ ഒഴിവാക്കുന്ന മുറയ്ക്ക് മാത്രമേ അനുവദനീയമായ മുൻഗണനാ ഒഴിവുകളിൽ അർഹരായവരെ ഉൾപ്പെടുത്താനാകൂ. അനർഹരെ ഒഴിവാക്കുന്ന നടപടികൾ ത്വരിതഗതിയിൽ നടപ്പാക്കി വരുന്നു. |
| (ബി) | നിരാലംബർ, ഭൂരഹിതർ, തെരുവിൽ കഴിയുന്ന കുടുംബങ്ങൾ എന്നിവർക്കുകൂടി റേഷൻ കാർഡ് അനുവദിക്കുക എന്ന ഉദ്ദേശത്തോടെ നിലവിലുള്ള മാനദണ്ഡങ്ങളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തുവാനാണ് ആലോചിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | (ബി) | നിരാലംബർ, ഭൂരഹിതർ, തെരുവിൽ കഴിയുന്ന കുടുംബങ്ങൾ എന്നിവർക്ക് ആധാർ കാർഡിന്റെ അടിസ്ഥാനത്തിൽ, RCMS ൽ വീട്ട് നമ്പർ രേഖപ്പെടുത്തേണ്ട കോളത്തിൽ “00” എന്ന് രേഖപ്പെടുത്തി പുതിയ റേഷൻ കാർഡ് അനുവദിച്ചു വരുന്നു. |
| (സി) | ഇത് എത്രയുംവേഗം നടപ്പിൽ വരുത്തുന്നതിന് അടിയന്തര നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | ക്ലോസ് ബിയുടെ മറുപടി കണ്ടാലും. |

സെക്ഷൻ ഓഫീസർ